കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-10 /2001/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി :07.12.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ശാസ്താംകോട്ട ബ്ലോക്ക്പഞ്ചായത്ത്.

സർ,

വിഷയം : ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്-2016 - 2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാസ്താംകോട്ട ബ്ലോക്ക്പഞ്ചായത്തിന്റെ 2016–2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള

തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം

2)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-10 /2001/2017 തീയതി: 07.12.2017

## കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക്പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക്പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക്പഞ്ചായത്ത് 01.02.2017 മുതൽ 31.10.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗീസ് ജോസഫ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

<table>
<tr><td>ഓഡിറ്റിന് വിനിയോഗിച്ച സമയം</td><td colspan="2">02.11.2017 മുതൽ<br>08.11.2017 വരെ</td></tr>
<tr><td rowspan="3">ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</td><td>ശ്രീമതി.അജി കെ.എസ്</td><td>ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ശ്രീമതി.മഞ്ജുള സാഗർ</td><td>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ</td></tr>
<tr><td>ശ്രീമതി.ജമീലാബീവി.എം</td><td>ഓഡിറ്റർ</td></tr>
</table>

<u>(ബി)നിർവ്വഹണാധികാരികൾ</u>

<table>
<tr><td>പ്രസിഡന്റ്</td><td>ശ്രീമതി.എ.സുമ</td><td>01.04.2016 മുതൽ<br>31.03.2017 വരെ</td></tr>
<tr><td rowspan="3">സെക്രട്ടറി</td><td>ശ്രീമതി.കെ.ആർ.സുജാത</td><td>01.04.2016 മുതൽ<br>15.06.2016 വരെ</td></tr>
<tr><td>ശ്രീമതി.സി.രമണി</td><td>16.06.2016 മുതൽ<br>25.07.2016 വരെ</td></tr>
<tr><td>ശ്രീ.ടി.ഗോപാലകൃഷ്ണ പിള്ള</td><td>26.07.2016 മുതൽ<br>31.03.2017 വരെ</td></tr>
</table>

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

<table>
<tr><th>ഉദ്യോഗപ്പേര്</th><th>പേര്</th><th>കാലയളവ്</th></tr>
<tr><td rowspan="2">മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ശൂരനാട്</td><td>ഡോ.ജ്യോതി ലക്ഷ്മി</td><td>01.04.2016 മുതൽ 27.06.2016 വരെ</td></tr>
<tr><td>ഡോ.ഫിലിപ്പ് തോമസ് വൈദ്യൻ</td><td>27.06.2016 AN മുതൽ</td></tr>
</table>

| | | |
|---|---|---|
| | | 28.09.2016 വരെ |
| | ഡോ.അനിൽ കുമാർ | 29.09.2016 മുതൽ 18.02.2017 വരെ |
| | ഡോ.ഫിലിപ്പ് തോമസ് വൈദ്യൻ | 19.02.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മൈനാഗപ്പള്ളി | ഡോ.മഞ്ജൂഷ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, (താലൂക്ക് ഹോസ്പിറ്റൽ) | ഡോ.സുനിൽകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ബീന .ബി.എച്ച് | 01.04.2016 മുതൽ 31.03.2017 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി.ബിജുസുന്ദർ | 01.04.2016 മുതൽ 31.03.2017 |

| | | |
|---|---|---|
| | | വരെ |
| | ശ്രീമതി. സുലോചന. കെ | 01.04.2016 മുതൽ 31.05.2016 വരെ |
| ശിശുവികസന ഓഫീസർ | ശ്രീമതി.ബിജി.എൽ (സൂപ്പർവൈസർ,ഇൻചാർജ്) | 01.06.2016 മുതൽ 17.07.2016 വരെ |
| | ശ്രീമതി.മീന കുമാരി | 18.07.2016 മുതൽ 31.03.2017 വരെ |
| കൃഷി അസി.ഡയറക്ടർ | ശ്രീ.എസ്.ജെ.ഹരികുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| | ഡോ.അജിലാസ്റ്റ് | 1.4.2016 മുതൽ 30-04-16 വരെ |
| വെറ്ററിനറി സർജൻ | ഡോ. പ്രേംകുമാർ ആനന്ദ് | 01.05.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഷാജി.എം. | 01.04.2014 മുതൽ 31.03.2016 വരെ |
| അസി.എക്സി.എഞ്ചിനിയർ | ശ്രീ.ഷൈജു.ബി. | 01.04.2016 മുതൽ 31.03.2017 വരെ |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 07.03.2017 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 21.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-2017 | 04.11.2017 | സാക്ഷ്യപത്രം ഈ റിപ്പോർട്ടിനൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട് |

നൃൂനതകളുടെ സംഗ്രഹം

1)ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം ഇനത്തിൽ 2500/- രൂപ വരവുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2)ഇന്ത്യൻബാങ്ക്,ഐ.എ.വൈ.-പ്ലാൻ അക്കൗണ്ടിലെ നീക്കിയിരിപ്പ് വാർഷികധനകാര്യപത്രികയിലെ RP-40(b)യിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

3)ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ B-11 ഷെഡ്യൂളിലെ ഡെപ്പോസിറ്റിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
4)ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ B-11 ഷെഡ്യൂളിലെ ആസ്തികളുടെ മൂല്യം ബോധ്യപ്പെട്ടിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 5,87,53,560 |
| വരവ് | 10,04,86,784 |
| ആകെ | 15,92,40,344 |
| ചെലവ് | 10,02,99,864 |
| നീക്കിയിരിപ്പ് | 5,89,40,480 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22535220 | 22535220 | 22535220 | 0 | 100 |
| വികസനഫണ്ട് | 0 | 17688307 | 17688307 | 17688307 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി. | | | | | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3737994 | 3737994 | 3737994 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 74 | 57257228 | 74 | 43961521 | 16 | 0 | 82 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.11.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 30.10.2017 മുതൽ 02.11.2017 വരെ | 2016-2017 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.06.2016 മുതൽ 03.06.2016 വരെ | 2012-2013 മുതൽ 2015-2016 വരെ | 29.07.2016 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ആസ്തി പാഴാകുന്നു

സ്വയംതൊഴിൽസംരംഭം ആരംഭിക്കുക എന്ന ഉദ്ദ്യേശ്യത്തോടെ 1998-99 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കുന്നത്തുരിൽ നിർമ്മിച്ചിട്ടുള്ള ക്ലസ്റ്റർ റൂം കെട്ടിടം വർഷങ്ങളായി യാതൊരു പ്രവർത്തനവും ഇല്ലാതെ സ്വയംതൊഴിൽസംരംഭം ആരംഭിക്കുക എന്ന ഉദ്ദ്യേശ്യത്തോടെ 1998-99 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കുന്നത്തുരിൽ നിർമ്മിച്ചിട്ടുള്ള ക്ലസ്റ്റർ റൂം കെട്ടിടം വർഷങ്ങളായി യാതൊരു പ്രവർത്തനവും ഇല്ലാതെ ഒഴിഞ്ഞ് കിടക്കുന്നു. നാളിതുവരെ ടി കെട്ടിടം ലേലം ചെയ്ത് വാടകയ്ക്ക് നൽകുകയോ ഉപയോഗ പ്രദമാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി -5, തീയതി-07.11.2017) ലേലം കൊള്ളാൻ ആരും തയ്യാറാകാത്തതിനാലാണ് ഇപ്രകാരം ഒഴിഞ്ഞ് കിടക്കുന്നത് എന്ന് മറുപടി ലഭ്യമാക്കി. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ പഞ്ചായത്തിൽ ഉണ്ടായിരിക്കെ അത്തരത്തിലുള്ള അങ്കണവാടികൾ പ്രവർത്തിപ്പിക്കുന്നതിന് ഉപയോഗിക്കാതെ ആസ്തികൾ പാഴാകുന്നത് ന്യായീകരിക്കത്തക്കതല്ല. ടി കെട്ടിടം സ്ഥിതി ചെയ്യുന്ന ഒരേക്കർ ഭൂമിയിൽ

ഈറ്റ, റബർ എന്നീ വൃക്ഷങ്ങൾ ഉണ്ടെങ്കിലും അവയുടെ ആദായത്തിൽ നിന്നുള്ള വരവുകൾ ഒന്നും പഞ്ചായത്തിൽ ഇല്ല. ടി ഭൂമി ഇടവിളകൃഷിയ്ക്ക് യോജിച്ചതുമാണ്. കെട്ടിടം ഉപയോഗപ്രദമാക്കുന്നതിനും ഭൂമിയിൽ കൃഷി ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 2-2 വാടക - അപാകതകൾ

1)ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന മഹിളാഗ്രാമവ്യവസായ കേന്ദ്രത്തിന് 2013 മുതൽ 200/-രൂപ നിരക്കിലാണ് മുറി വാടകയ്ക്ക് നൽകിയിരിക്കുന്നത്. നാളിതുവരെ വാടകനിരക്ക് വർദ്ധിപ്പിച്ചിട്ടില്ല. എഗ്രിമെന്റ് വയ്ക്കാതെയും ഡെപ്പോസിറ്റ് വാങ്ങാതെയുമാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി-5,തീയതി-07.11.17) എഗ്രിമെന്റ് വാങ്ങിയിട്ടുള്ളതും ആയത് സ്ഥാപനത്തിൽ നിന്നും കണ്ടെത്താൻ കഴിയില്ലെന്നുമാണ് മറുപടി ലഭ്യമാക്കിയത്. യഥാസമയം മാസവാടക ഒടുക്കാതെ കുടിശ്ശികയായിട്ടാണ് ഒടുക്കുവരുത്തുന്നത്.മുൻവർഷത്തേക്കാൾ നിശ്ചിത ശതമാനം കൂട്ടി വാടക ഈടാക്കുന്നതിനും യഥാസമയം വാടക ഒടുക്കാത്തവരിൽ നിന്ന് പിഴ ഈടാക്കുന്നതിനും ശ്രദ്ധിക്കേണ്ടതും കരാർപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

2) താലൂക്ക് ആശുപത്രി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സപ്ലൈക്കോ മെഡിക്കൽ സ്റ്റോറിന്റെ വാടക ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (5/7.11.17) വാടക ഒഴിവാക്കുന്നതിനായി കമ്മിറ്റി തീരുമാനമെടുത്ത് സർക്കാർ സാധൂകരണത്തിന് അപേക്ഷിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടി അറിയിക്കേണ്ടതാണ്.

## 2-3 ഇ-ടെൻഡറിംഗ് ടെൻഡർ ഫോം വില ഈടാക്കിയിട്ടില്ല

തൻവർഷം 42 മരാമത്ത് പ്രവൃത്തികൾ ഇ-ടെൻഡർ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇ–ടെൻഡറിംഗ് നടത്തുമ്പോൾ ടെൻഡർ ഫോം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തുന്നത്. പഞ്ചായത്തിന് അർഹമായ ടി തുക തിരികെ ഈടാക്കിയിട്ടില്ല. തൻവർഷം ടെൻഡർഫോം വിലയിനത്തിൽ 2,07,890/– രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവുവന്നിട്ടുണ്ട്. പ്രസ്തുത തുക തിരികെ ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാത്ത പക്ഷം ടി തുക പഞ്ചായത്തിന് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും. ആയതിനാൽ ടി തുക

തിരികെ ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

മുൻവർഷങ്ങളിലും ഈയിനത്തിലുള്ള തുക പഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. പഞ്ചായത്തിന് അർഹമായ പ്രസ്തുത വരവുതുക തിരികെ ലഭ്യമാക്കുന്നതിന് ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സിഡ്കോ നിർമ്മിക്കാത്ത ഉപകരണങ്ങൾ സിഡ്കോയിൽ നിന്നും ടെൻഡർ ക്ഷണിക്കാതെ നേരിട്ടു വാങ്ങി -ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക 2,50,000/-രൂപ

2016-17 വർഷം പട്ടികജാതിവികസന ഓഫീസർ നിർവ്വഹണം നടത്തിയ എസ്.0096/17-പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ (അടങ്കൽ തുക – 2,50,000/- രൂപ, വികസനഫണ്ട്, എസ്.സി.പി, ബിൽ നം.1/16-17,26.10.2017) സിഡ്കോ നിർമ്മിക്കാത്ത ഉപകരണങ്ങൾ ( റഫ്രിജറേറ്റർ, മിക്സി, ഡെസ്ക്ടോപ്പ് കംപ്യൂട്ടർ, കാരംബോഡ് വിത്ത് കോയിൻസ്, ഷട്ടിൽ ബാറ്റ്, ഫുട്ബോൾ,ഡിസ്കസ് ത്രോ, യു.പി.എസ്. ) സിഡ്കോയിൽ നിന്നും ടെൻഡർ ക്ഷണിക്കാതെ നേരിട്ടു വാങ്ങിയതായി കാണുന്നു. സിഡ്കോയിൽനിന്ന് ക്വട്ടേഷൻ കൂടാതെ വാങ്ങാവുന്ന ഉപകരണങ്ങളുടെ ലിസ്റ്റ് 28.05.2015 ലെ GO(RT)SPD 26 A/15 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇവയിൽ മേൽപ്പറഞ്ഞവ ഉൾപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ സർക്കാർ ഉത്തരവ് അനുസരിച്ചാണ് വാങ്ങൽ നടത്തിയതെന്ന് പറയുന്നെങ്കിലും ഉപോൽബലകമായ സർക്കാർ ഉത്തരവ് ഹാജരാക്കിയില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,50,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-2 രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു-2,187,500/-രൂപ

2016-17 വർഷം സി.ഡി.പി.ഒ (അഡീഷണൽ) നിർവ്വഹണം നടത്തിയ വികലാംഗർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ -എസ്.0002/17-എന്ന പദ്ധതിക്കായി ( മൊത്തം അടങ്കൽ തുക 2,800,000/-രൂപ ,വികസനഫണ്ട്) 2,187,500/- രൂപ ബിൽ നം.1/16-17, 30.03.2017 പ്രകാരം പിൻവലിച്ച്

35 സ്കൂട്ടറുകളുടെ വിലയായി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത

എം.പി.ബി.മൊബൈക്ക്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കളിൽ 3 പേർ മാത്രമേ ലൈസൻസ് ഹാജരാക്കിയിട്ടുള്ളൂ. ഇരുപതോളം പേരുടെ രജിസ്ട്രേഷൻ വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല.

ജി.ഒ (ആർ.ടി)നം. 279/2014/സാമൂഹ്യനീതി വകുപ്പ്, /24/4/14 പ്രകാരം 120 സി.സി യിൽ കുറയാത്ത ഫ്രണ്ട് ഫ്യൂവൽ ഉള്ള സ്കൂട്ടർ ആണ് ഇത്തരം പദ്ധതികൾക്കായി വിതരണം ചെയ്യേണ്ടത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 112 സി.സി സ്കൂട്ടർ ആണ് വിതരണം ചെയ്തിരിക്കുന്നത്.

ലൈസൻസ്, രജിസ്ട്രേഷൻ വിശദാംശങ്ങൾ എന്നിവ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവായ 2,187,500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- 2452460/-രൂപ തടസ്സപ്പെടുത്തുന്നു

2016-17 വർഷം അസിസ്റ്റൻറ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ നിർവ്വഹണം നടത്തിയ ചുവടെ പരാമർശിക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം, കൃഷി നടത്തിയതിൻെറ വിശദാംശങ്ങൾ എന്നിവ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ തുക/ ഫണ്ടിനം | ബിൽ നം./തുക | വിഹിതം സ്വീകരിച്ച ഗ്രാമപഞ്ചായത്തുകൾ | വിഹിതം |
|---|---|---|---|---|
| എസ്-0078/17- സുരക്ഷിത പഴ വർഗ്ഗ (വാഴ)കൃഷി | 1027000/- (വികസനഫണ്ട്) | 1/16-17, 16/ 12/16, 8,51,000/-രൂപ<br>6/16-17, 18/3/17 1,13,500/-രൂപ<br>8/16-17, 31/3/17, 62,500/-രൂപ<br>10,27,000/- | ശാസ്താംകോട്ട ശൂരനാട്തെക്ക് കുന്നത്തൂർ | 8,00,000/-<br>1,25,000/-<br>1,02,000/-<br>10,27,000/- |

| | | | | |
|---|---|---|---|---|
| എസ്-0086/17- ഇടവിളകൃഷി പ്രോത്സാഹനം. | 1,36,000/- (വികസനഫണ്ട്) | 3/16-17, 21/1/2017 1,36,000/-രൂപ | കുന്നത്തൂർ | 1,36,000/- |
| എസ്.0069/17- സുരക്ഷിതപച്ചക്കറി കൃഷി | 11,63,880/- (വികസനഫണ്ട്) | 2/16-17, 23/1/17, 7,54,800/-രൂപ 5/16-17, 18/3/17, 1,82,000/-രൂപ 10/16-17, 24/3/17, 2,27,080/-രൂപ 11,63,880/- | ശാസ്താംകോട്ട പടി.കല്ലട കുന്നത്തൂർ ശൂരനാട് വടക്ക് ശൂരനാട് തെക്ക് മൈനാഗപ്പള്ളി | 3,00,000/- 84,000/- 68,000/- 3,00,000/- 1,29,400/- 2,82,480/- 11,63,880/- (-) |
| എസ്-0087/17- കാർഷികയന്ത്ര വൽക്കരണം- റോട്ടവേറ്റർ വാങ്ങൽ | 29,580/- (വികസനഫണ്ട്) | 4/16-17********, 23/1/17, 29,580/-രൂപ | മൈനാഗപ്പള്ളി | 29,580/- |
| എസ്-0089/17- ജലസേചന പമ്പ്സെറ്റ് | 96,000/- (വികസനഫണ്ട്) | 7/16-17, 18/3/17, 45,000/-രൂപ 9/16-17, 24/3/17, 9,000/- രൂപ 11/16-17, 27/3/17, 9,000/- 63000/- | ശൂരനാട് തെക്ക് | 96,000/- 24,52,460/- |

**3-4** <u>മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക-**23,965 /-**രൂപ</u>

2016-17 വർഷം മെഡിക്കൽ ഓഫീസർ, ശൂരനാട് സി.എച്ച്.സി, നിർവ്വഹണം നടത്തിയ മൈനാഗപ്പള്ളി സി.എച്ച്.സിയ്ക്കു മരുന്നു വാങ്ങൽ – എസ്.0085/17-എന്ന പദ്ധതിക്കായി വികസനഫണ്ടിൽ നിന്നുള്ള മൊത്തം അടങ്കൽ തുകയായ 1,00,000/-രൂപ ബിൽ നം.1/16-17, 13/12/2016 പ്രകാരം പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു നൽകിയിട്ടുണ്ട്. എന്നാൽ 23,965/-രൂപയുടെ മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 23,965 /-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3-5** <u>വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ **43,85,000/-**രൂപ തടസ്സപ്പെടുത്തുന്നു</u>

2016-17 വർഷം ക്ഷീരവികസന ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ പരാമർശിക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.വിവിധ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ കൈപ്പറ്റിയ തുകയുടെ വിശദാംശം ചുവടെ പരാമർശിക്കുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ തുക/ ഫണ്ടിനം | ബിൽ നം./ തുക | ഗ്രാമ പഞ്ചായത്ത് | വിഹിതം |
|---|---|---|---|---|
| എസ്.0046/17-പാലിന് സബ്സിഡി | 28,00,000/-രൂ വികസനഫണ്ട് | 1/16-17, 23/1/17<br>1,29,300/-<br>3/16-17, 14/3/17<br>5,29,200/- | പോരുവഴി<br>ശാസ്താംകോട്ട<br>ശൂരനാട്തെക്ക്<br>പടി.കല്ലട<br>ശൂരനാട് വടക്ക് | 4,38,000/-<br>8,64,000/-<br>5,80,000/-<br>1,47,000/-<br>1,00,000/- |

| | | | | |
|---|---|---|---|---|
| | | 7/16-17,<br>27/3/17<br>4,06,800/-<br>8/16-17,<br>31/3/17<br>1,50,000/-<br>ബിൽ.നം.9/16-17<br>7,55,250/-<br>12,15,300/-<br>ബിൽ.നം.10/16-17<br>86,85,007/-,<br>55,250/- | കുന്നത്തൂർ<br>മൈനാഗപ്പള്ളി | 1,00,000/-<br>1,50,000/-<br>23,79,000/- |
| എസ്.0071/17<br>എസ്.സി വനിതാ കർഷകർക്ക് കറവപ്പശു വിതരണം. | 85,000/-രൂ<br>വികസനഫണ്ട്<br>(എസ്.സി.പി) | 4/16-17,<br>14/3/17,<br>1,85,000/-, | പോരുവഴി<br>ശൂരനാട്തെക്ക് | 40,000/-<br>45,000/-<br>85,000/- |
| എസ്.0049/17<br>കറവപ്പശു വിതരണം | 15,00,000/-<br>വികസനഫണ്ട് | 2/16-17,<br>14/3/17,<br>12,00,000/-<br>5/16-17,<br>23.3.17,<br>80,000/- | ശാസ്താംകോട്ട<br>പോരുവഴി<br>ശൂരനാട്തെക്ക്<br>ശൂരനാട് വടക്ക് | 4,50,000/-<br>2,70,000/-<br>2,73,750/-<br>4,26,250/-<br>14,20,000/- |

| | | | | |
|---|---|---|---|---|
| | | 6/16-17,<br>23.3.17,<br>2,20,000/- | | |
| ആകെ 38,84,000/-രൂപ | | | | |

## 3-6 ഫണ്ട് വിനിയോഗിച്ചില്ല-14976780/- രൂപ നഷ്ടമായി

വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ചു കിട്ടിയ തുകകൾ വിനിയോഗിക്കാതിരുന്നതു മൂലം ബ്ലോക്ക് പഞ്ചായത്തിന് തൻ വർഷം 1,49,76,780/- രൂപ നഷ്ടമായി. വിശദവിവരം താഴെക്കൊടുക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കപ്പെടാത്തതിനാൽ നഷ്ടമായ തുക |
|---|---|---|---|
| വികസനനഫണ്ട് പൊതുവിഭാഗം | 32055934 | 22535220 | 9520714 |
| വികസനനഫണ്ട്, പട്ടികജാതി ഉപ പദ്ധതി | 21785238 | 17688307 | 4096931 |
| വികസനനഫണ്ട്, പട്ടികവർഗ ഉപ പദ്ധതി | 112056 | 0 | 112056 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4985073 | 3737994 | 1247079 |
| ആകെ | | | 14976780 |

പദ്ധതികൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പിലാക്കി വികസനപ്രവർത്തനത്തിനായി അനുവദിച്ച തുകകൾ നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.


## 3-7 മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്ന-80910/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു


മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താലൂക്ക് ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ (പ്രോജക്റ്റ് നം. 42/17), പാലിയേറ്റിവ് കെയർ-മരുന്ന് വാങ്ങൽ (പ്രോജക്റ്റ് നം. 43/17) എന്നീ പ്രോജക്റ്റുകൾക്കായി 4,80,000/-രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഒടുക്കിയെങ്കിലും 80,910/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. പ്രോജക്റ്റുകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./ പേര്/ ഫണ്ടിനം | വകയിരുത്തിയ തുക | ചെലവ് തുക | ബിൽ നം./ തീയതി | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നിന്റെ തുക |
|---|---|---|---|---|---|
| 1 | 42/17<br>താലൂക്ക് ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ (എം.ജി.എൻ.ആർ.) | 300000 | 300000 | 3/16-17<br>26.11.2016 | 50386 |
| 2 | 43/17<br>പാലിയേറ്റിവ് കെയറിന് മരുന്ന് വാങ്ങൽ (വികസന ഫണ്ട്) | 180000 | 180000 | 4/16-17<br>26.11.2016 | 30524 |
| ആകെ | | | | | 80,910/- |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിയ്ക്ക് (എൻക്വയറി -8, തീയതി 07.11.2017) മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. മരുന്ന് ലഭ്യമാക്കി 80,910/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 തൊളിക്കൽ രക്ഷാസൈന്യം റോഡ് കോൺക്രീറ്റിംഗ്-കോൺക്രീറ്റ് തകർന്ന നിലയിൽ.





പ്രോജക്ട് നം-s0-34/17

എസ്ററിമേററ്-1185000/-

കരാറുകാരൻ-വേണുകുമാർ

തൊളിക്കൽ രക്ഷാസൈന്യം റോഡ് കോൺക്രീററിംഗ് എന്ന പ്രോജക്ടിൽ 111.5 മീറ്റർ നീളത്തിൽ റോഡിന് ഇരുവശവും സൈഡുവാൾ നിർമ്മിക്കുന്നതിനും 217മീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റിംഗ്, 102 മീറ്റർ റീകോൺക്രീറ്റിംഗ് എന്നിവ ഉൾപ്പെടുത്തിയിരുന്നു .ഈ പ്രവർത്തിയുടെ എം-ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം എസ്റ്റിമേററ് അനുസരിച്ചുള്ള സൈഡ്കെട്ട്, കോൺക്രീറ്റിംഗ്, റീകോൺക്രീറ്റിംഗ് എന്നിവ നടത്തിയിട്ടുണ്ട്. വർക്ക് പൂർത്തീകരിച്ച് ബിൽ നൽകിയെങ്കിലും 18.07.2017-ന് റോഡിന് കേടുപാടുകൾ വന്നതിനാൽ ആയത് പരിഹരിക്കുന്നതിന് കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ പരിഹരിച്ചത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.07.11.2017ൽ അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കരാറുകാരൻ വിള്ളൽ വീണ ഭാഗം കോൺക്രീറ്റ് ചെയ്ത് നന്നാക്കിയിട്ടുണ്ടെങ്കിലും പുതുതായി കോൺക്രീറ്റ് ചെയ്തതിന്റെ മധ്യഭാഗത്തായി വീണ്ടും അതേ നീളത്തിൽ റോഡിൽ വിള്ളൽ ഉണ്ടായതായി കണ്ടു. ടി വിഷയം സംബന്ധിച്ച് നൽകിയ

ഓഡിററ് എൻക്വയറി നം-9/17,തീയതി 07.11.2017-ന് അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ റോഡിന് വീതി കൂട്ടുന്നതിന്റെ ഭാഗമായി മരങ്ങൾ മുറിച്ചു മാററിയതിനാൽ റോഡിന്റെ പ്രതലം ഇളകിയിട്ടുണ്ടായിരുന്നതായും എന്നാൽ surface dressing നടത്തുകയും excavated earth ഉപയോഗിച്ച് നന്നായി ഫിൽ ചെയ്തിട്ടുണ്ടെന്നും വർക്ക പൂർത്തീകരിച്ചതിന്റെ അടുത്ത ദിവസം തന്നെ ലോഡു കയററിയ വാഹനങ്ങൾ കടന്നു പോയതാണ് റോഡിൽ വിള്ളലുണ്ടായതിന് കാരണമെന്ന് സൂചിപ്പിക്കുന്നു. കൂടാതെ സ്ഥലപരിശോധനയിൽ പഴയ റോഡും പുതിയതായി നിർമ്മിച്ച ഭാഗവും തമ്മിലുള്ള Joint crack ആണ് സൈറ്റിൽ കാണപ്പെട്ടതെന്നും സൂചിപ്പിക്കുന്നു. എന്നാൽ വിള്ളൽ വീണ ഭാഗം മാറ്റി പുതിയതായി കോൺക്രീറ്റ് ചെയ്തതിന്റെ മധ്യഭാഗത്തായിട്ടാണ് അതേ നീളത്തിൽ തന്നെ വീണ്ടും വിള്ളൽ ഉണ്ടായത്. മതിയായ മേൽനോട്ടം ഇല്ലാത്തതും അത്യാവശ്യ മുൻകരുതൽ സ്വീകരിക്കാതിരുന്നതും ഇത്തരത്തിൽ നഷ്ടമുണ്ടാകുന്നതിന് കാരണമായതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇപ്രകാരം നഷ്ടമുണ്ടായതിനാൽ കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതും തുടർന്ന് കേടുപാടുകൾ വരുന്ന സാഹചര്യത്തിൽ ടിയാനെ കൊണ്ടുതന്നെ ശരിയായ എർത്ത്ഫില്ലിംഗ് നടത്തി ടി ഭാഗം പുനർ നിർമ്മിക്കേണ്ടതുമാണ്.

ടെണ്ടർ ചെയ്ത് കുറഞ്ഞ നിരക്കിൽ (895625.630) വർക്ക് പൂർത്തീകരിക്കാൻ സാധിച്ചെങ്കിലും പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന പ്രകാരം ഗുണഭോക്താക്കൾക്ക് ഗതാഗതം സൗകര്യപ്രദമാക്കുക എന്ന പരമപ്രധാനമായ ലക്ഷ്യം നേടാൻ ടി പ്രവർത്തിയിൽ കഴിഞ്ഞിട്ടില്ല.

## 3-9 പാലിയേറ്റീവ് പരിചരണം-ബ്ലോക്ക് വിഹിതം-യു.സി ലഭിച്ചിട്ടില്ല

പ്രോജക്ട് നം-90/16-17

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

എസ്റ്റിമേറ്റ് -2351100/-

പാലിയേറ്റീവ് പരിചരണം എന്ന പ്രോജക്ട് പ്രകാരം പടിഞ്ഞാറെ കല്ലട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് (a/c no799011400001216) 2,93,000/- രൂപയും മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് (a/c – 79901100001278) 2,92,000/-രൂപയും ഉൾപ്പടെ ആകെ 5,85,000/--രൂപ നല്കിയിട്ടുണ്ട് ടി തുകയുടെ യുസി ലഭ്യമാകുന്നതുവരെ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-10 ഒ.ഡി.എഫ്-ബ്ലോക്ക് വിഹിതം നൽകിയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല

പ്രോജക്ട് നം-88/16

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ഒ.ഡി.എഫ്/മാലിന്യസംസ്കരണം എന്ന പ്രോജക്ടിൽ ബ്ളോക്ക് വിഹിതമായിനല്കിയ

തുകകളുടെ വിനിയോഗ സർട്ടഫിക്കററ് ലഭ്യമായിട്ടില്ല.വിശദവിവരം താഴെ ചേർക്കുന്നു.

തദ്ദേശ സ്ഥാപനം നല്കിയ തുക ചെക്ക് നം/തീയതി

ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് 654710 a/c നം-79901140000 1202

ടി- 560000 ഡി.ഡി.നം-5675340/18-11-16

പടിഞ്ഞാറകല്ലട ഗ്രാമപഞ്ചായത്ത് 582000/- a/c-7990110000 1216 /18-11-16

കുന്നത്തൂർ ഗ്രാമപഞ്ചായത്ത് 582457/- ഡിഡി.നം-568088/21-12-16

ശൂരനാട് ഗ്രാമപഞ്ചായത്ത് 510000 /- ഡി.ഡി നം-568219/17-12-16

---

ആകെ 28,89,167/-

യു.സി.ലഭ്യമാകുന്നതുവരെ ടി.തുക ഓഡിറ്റിൽ തടസം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 2016-17 | 11827757 | ഐ.എ.വൈ ഭവന നിർമ്മാണം | 9450545 | 2377212 |
| ജില്ലാപഞ്ചായത്ത് | 2016-17 | 9908228 | | 8088228 | 1820000 |

**4-2** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

**4-3** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

**4-4** വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

**4-5** സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

**4-6** ഓഡിറ്റ് റിക്കവറി

ഇല്ല.

**4-7** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-1999 മുതൽ | 3-26 | 2007-2008 | 3-1-3 | നെൽകൃഷിക്കായി പൊതുഞാറ്റടി | നിലവിലെ സ്ഥിതി ലഭ്യമല്ല. |

| | | | | | |
|---|---|---|---|---|---|
| 2004-2005 വരെ | | | | തയ്യാറാക്കലിനും ട്രാൻസ്പ്ലാന്റർ എന്ന യന്ത്രം ഉപയോഗിച്ച് നടീലും എന്ന പദ്ധതിയ്ക്ക് ഉപകരണം വാങ്ങൽ -റെയ്ഡ്കോക്ക് 92397/-നൽകി. യന്ത്രസാമഗ്രികൾ ഉപയോഗിക്കാതെ സ്റ്റോർറൂമിൽ തുരുമ്പെടുത്തു നശിക്കുന്നു. തുക പാഴായി. ആധുനികവത് കരണത്തിലൂടെ നെൽകൃഷി ലാബകരമാക്കുക എന്ന പദ്ധതി സഫലമായില്ല | |
| 1998-1999 മുതൽ 2004-2005 വരെ | 3-25 | 2007-2008 | 3-10-1 | കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിനുള്ള പദ്ധതി-ആത്യന്തികമായി പാഴ് ചെലവായി മാറി | നിലവിലെ സ്ഥിതി ലഭ്യമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം
(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 100486784/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 100299864/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12353002/- |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

നഷ്ടം ഇല്ല.

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,50,000/- | ശ്രീമതി.ബിജുസുന്ദർ, പട്ടികജാതിവികസന ഓഫീസർ |
| 3-2 | 2,187,500/- | ശ്രീമതി.മീന കുമാരി, ശിശുവികസന ഓഫീസർ |
| 3-3 | 2452460/- | ശ്രീ.എസ്.ജെ.ഹരികുമാർ, കൃഷി അസി.ഡയറക്ടർ |
| 3-4 | 23,965 /- | ഡോ.അനിൽ കുമാർ, മെഡിക്കൽഓഫീസർ, സി.എച്ച്.സി,ശൂരനാട് |
| 3-5 | 3884000/- | ശ്രീ.ഷാജി.എം., ക്ഷീരവികസന ഓഫീസർ |
| 3-7 | 80910/- | ഡോ.സുനിൽകുമാർ, മെഡിക്കൽ ഓഫീസർ, (താലൂക്ക് ഹോസ്പിറ്റൽ) |
| 3-9 | 585000/- | സെക്രട്ടറി |
| 3-10 | 2889167/- | സെക്രട്ടറി |
| ആകെ | 12353002/- | |

<u>(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

നഷ്ടം ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

കൂടുതൽ അന്വേഷണം ആവശ്യമായവ ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96& 1997-98 | എൽ.എഫ്.ക്യൂ.ഡി.ബി-1358/06, 19-11-2007 |
| 1998-99 & 2004-05 | എൽ.എഫ്.ക്യൂ.ഡി.ബി-319/09, 6-3-10 |
| 2005-06 | എൽ.എഫ്.ക്യൂ.ഡി.ബി-1098/99, 9-8-99 |
| 2006-07 | എൽ.എഫ്.ക്യൂ.ഡി.ബി-320/09, 6-3-10 |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി-755/10, 6-3-10 |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി-751/10, 8-3-11 |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി-1914/11, 9-4-12 |
| 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി-1915/11,10-4-12 |
| 2011-12 | എൽ.എഫ്.ക്യൂ.ഡി.ബി-1406/13, 18-12-13 |
| 2012-13 & 2013-14 | എൽ.എഫ്.ക്യൂ.ഡി.ബി-2676/14, 16-5-15 |

| | |
|---|---|
| | |
| 2014-15<br>&<br>2015-16 | കെ.എസ്.എ.-കെ.എൽ.എം.-ഡി.ബി.-1513/17,22/03/17 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കൊല്ലം

## 4-10 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.എൽ.എം-പി-10/2001

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
ഫോൺ. 0474-2740141
E-mail: doklm.ksad@kerala.gov.in

തീയതി 07.12.2007

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2016-2017 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം.